ഡോ. ശ്രീദേവി എൻ. വി

# മന്ത്രചികിത്സയും ആയുർവേദവും



**ദൈവം എന്ന പദത്തിന് പൂർവ്വജന്മാർജിത കർമ്മമെന്നും അർത്ഥമുണ്ട്. നമ്മുടെ ആത്മാവിനും മനസ്സിനും ശരീരത്തിനും ഒരുപോലെ സ്വാസ്ഥ്യമേകുന്ന ജീവിതചര്യ സത്വഗുണത്തിൽ അധിഷ്ഠിതമാകണം. മനസ്സിനെയും ശരീരത്തെയും യോഗ ഉണർത്തുമ്പോൾ, മന്ത്രമാകട്ടെ മനസ്സ് , ശരീരം, ആത്മാവ് എന്നിവയുടെ തലങ്ങളിലേക്കും ശുദ്ധീകരണം പ്രദാനം ചെയ്യുന്നു .**

മനനാത് ത്രായതേ ഇതി മന്ത്രഃ എന്ന് പറയാറുണ്ട്. ജപിക്കുന്നവന്, മനഃശാന്തിയും ഏകാഗ്രതയും മാത്രമല്ല ആയുരാരോഗ്യസൗഖ്യവും നൽകുവാൻ മന്ത്രങ്ങൾക്ക് കഴിയും. വേദങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞിരിക്കുന്നവയും, ആയുർവേദത്തിൽ വിശിഷ്യാ, ദൈവവ്യപാശ്രയ ചികിത്സയുമായും ബന്ധപ്പെട്ടവയും ആണ് മന്ത്രങ്ങൾ ഉപയോഗിക്കുന്നത്. മൂന്നുതരം ചികിത്സകളെ പറ്റി പ്രതിപാദിക്കുന്നുണ്ട്. വൈദ്യന്റെ യുക്തി അനുസരിച്ചുള്ള ഔഷധാദി സേവയുള്ള യുക്തിവ്യപാശ്രയ ചികിത്സ, മനസ്സിനെയും ശരീരത്തിനേയും അടക്കി നിർത്തുന്ന സത്വാവജയ ചികിത്സ, മന്ത്ര, ഔഷധ മംഗളബലി, ഹോമ, നിയമ തീർത്ഥാടനാദികൾ ഉള്ള ദൈവവ്യപാശ്രയ ചികിത്സ എന്നിവ ആചാര്യന്മാർ പറയുന്നുണ്ട്.

ആയുർവേദ ഗ്രന്ഥങ്ങളിൽ മന്ത്രങ്ങൾ പ്രതിപാദിച്ചിരിക്കുന്നത്



മുഖ്യമായും, സ്നാന സമയത്ത്, അധ്യയന സമയത്ത്, ഗർഭാധാന സമയത്ത്, പ്രസവ സമയത്ത്, ജ്വര ചികിത്സയിൽ, വിഷ ചികിത്സയിൽ, വമന കർമ്മ സമയത്ത്, മനോരോഗ ചികിത്സയിൽ, വിഷഹരമായ അഗദൗഷധ പാനസമയത്ത് എന്നിവയിലാണ്.

മന്ത്രങ്ങളിൽ തന്നെ ബീജമന്ത്രങ്ങളായ ഓം, ഹ്രീം, ശ്രീം തുടങ്ങിയവ ഊർജത്തെ നിയന്ത്രിക്കുന്നവയാണ്. വൈദിക മന്ത്രങ്ങളാകട്ടെ ബോധമനസിനെ ഉയർത്തുന്ന തലത്തിലുള്ളവയാണ്. ഉദാഹരണത്തിനു, അഥർവവേദത്തിലെ യക്ഷ്മ നാശന സൂക്തം. വ്യക്തിപരമായി ഓരോ വ്യക്തിയുടെയും ശരീര മാനസപ്രകൃതികളും ഗ്രഹനിലയും അനുസരിച്ച് മന്ത്രദീക്ഷ നൽകി വരാറുണ്ട്. അതുകൊണ്ടുതന്നെ, മന്ത്രങ്ങൾ തിരഞ്ഞെടുത്തു ധ്യാനം ചെയ്യുമ്പോൾ, അത് നമ്മുടെ സത്വ ഗുണത്തെ ഉയർത്തി, രജോ തമോ ഗുണങ്ങളെ സന്തുലനം ചെയ്യുന്ന രീതിയിൽ ആണ് പ്രവർത്തിക്കുന്നത്.

ദൈവം എന്ന പദത്തിന് പൂർവ്വജന്മാർജിത കർമ്മമെന്നും അർത്ഥമുണ്ട്.

നമ്മുടെ ആത്മാവിനും മനസ്സിനും ശരീരത്തിനും ഒരുപോലെ സ്വാസ്ഥ്യമേകുന്ന ജീവിതചര്യ സത്വഗുണത്തിൽ അധിഷ്ഠിതമാകണം.

മനസ്സിനെയും ശരീരത്തെയും യോഗ ഉണർത്തുമ്പോൾ, മന്ത്രമാകട്ടെ മനസ്സ് , ശരീരം, ആത്മാവ് എന്നിവയുടെ തലങ്ങളിലേക്കും ശുദ്ധീകരണം പ്രദാനം ചെയ്യുന്നു .

ലോകാ: സമസ്താ: സുഖിനോ ഭവന്തു, സർവ്വേ സന്തു നിരാമയാ: എന്നൊക്കെയുള്ള മന്ത്രശലങ്ങൾ ബോധിപ്പിക്കുന്നതും ശക്തമായ ശുഭോർജ്ജത്തെ തന്നെയാണ്.

മലയാളത്തിൽ എഴുതപ്പെട്ട പ്രാചീന ആയുർവേദ ഗ്രന്ഥങ്ങളിൽ ഒന്നാണ് പണ്ടാരത്തു നാരായണപിള്ള ആശാൻ എഴുതിയ 'ചികിത്സ ചിന്താമണി'. ആയുർവേദ സംബന്ധമായ രോഗ- ഔഷധവിവരണത്തോടൊപ്പം, ദൈവപ്രതിവിധികളും അദ്ദേഹം നിർദ്ദേശിച്ചിട്ടുണ്ട്.

രക്തസ്രാവം ഉണ്ടാകുന്ന രക്തപിത്തം പോലുള്ള അവസ്ഥകൾക്ക്, ശിവന് ക്ഷീരം, തൈലം എന്നിവ കൊണ്ടുള്ള ധാര, പാൽപ്പായസം , ശർക്കര പായസം തുടങ്ങിയ നിവേദ്യം, രക്ത വസ്ത്രധാരണം , ഗണേശ പൂജ തുടങ്ങിയവ അദ്ദേഹം നിർദ്ദേശിച്ചിരിക്കുന്നു. അരുചി പോലെയുള്ള അവസ്ഥകളിൽ, ബാലകൃഷ്ണനു അപ്പവും, പാൽപ്പായസവും 12 ദിനം നിവേദിക്കുവാനും, ഛർദി പോലുള്ള രോഗാവസ്ഥകളിൽ ഗണപതിക്ക് മലരും ശർക്കരയും കദളി പഴവും 12 ദിനം നിവേദിക്കുവാനും, ഹോമം, നെയ്യ്ദാനം എന്നിവയുമാണ് അദ്ദേഹം നിർദ്ദേശിക്കുന്നത്.

മരുന്നും മന്ത്രവും എന്ന തലത്തിൽ വരെ ചിന്തിക്കുകയും ചികിത്സിക്കുകയും ചെയ്തിരുന്ന മഹാഭിഷഗ്വരന്മാരുടെ കാൽപ്പാടുകൾ എന്നും ആയുർവേദത്തോടൊപ്പം ഉണ്ടായിട്ടുണ്ട്.

യോഗയും ധ്യാനവും മന്ത്രവും എല്ലാം വാണിജ്യവൽകരിക്കപ്പെടുന്ന ഇക്കാലത്ത് , ആയുർവേദവും വ്യത്യസ്തമല്ല എന്നിരിക്കിലും , ചികിത്സയിൽ കൗതുകവും താത്പര്യവും ഉള്ളവർ ഇന്നും ഭിഷഗ്വര സമൂഹത്തിലും രോഗീ സമൂഹത്തിലും ഉണ്ട് എന്നത് പ്രതീക്ഷയ്ക്ക് വക നൽകുന്നു ■

